കരട്

**അനുബന്ധം എച്ച് 4**

**നോട്ടീസ്**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ.നിഷാന്ത് ബഷീർ എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജു മെമ്മോ ഇ.സി.1-2397/18/ആ.വ.ഡ., 03.02.2018 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റിയിട്ടില്ല. എന്നാൽ ആ ചാർജ്ജ് മെമ്മോ താങ്കൾ കൈപ്പറ്റാത്തതിനാൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ പത്രികയുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുമ്പ് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം-ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

06 JUN 2018

**ഡോ.വി.ആർ.രാജു,**
**ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്),**
**ആരോഗ്യ വകുപ്പ് ഡയറക്ടർ (ഇൻ ചാർജ്ജ്)**

സ്വീകർത്താവ്

ഡോ.നിഷാന്ത് ബഷീർ,
ജൂനിയർ കൺസൾട്ടന്റ്,
ഫ്ളാറ്റ് നം: 3069, ഫെഡറൽ സിറ്റി അപ്പാർട്ട്മെന്റ്,
കറുകുറ്റി (പി.ഒ.), കരയാംപറമ്പ്, അങ്കമാലി,
എറണാകുളം.

42493

## അനുബന്ധം എച്ച് 5

## കേരള സംസ്ഥാന ആരോഗ്യ വകുപ്പ്

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജൂനിയർ കൺസൽട്ടന്റ് ആയ ഡോ.നിഷാന്ത് ബഷീർ 10.09.2017 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു. ഈ ഓഫീസിലെ ഇ.സി.1-2397/2018/ആ.വ.ഡ., തീയതി 03.02.2018 പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയത് കൈപ്പറ്റാത്തതിനാൽ ടി നോട്ടീസ് പ്രസിദ്ധീകരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ dhskerala@gmail.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

5 JUN 2018

ഡോ.വി.ആർ.രാജു,
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്),
ആരോഗ്യ വകുപ്പ് ഡയറക്ടർ (ഇൻ ചാർജ്ജ്)